

# ജനാധിപത്യവും മാധ്യമങ്ങളും

എഡിറ്റർ: ഡോ. ജൈജനിമോൾ കെ. വി.

# ജനാധിപത്യവും മാധ്യമങ്ങളും

എഡിറ്റർ

ഡോ. ജൈനിമോൾ കെ. വി.

ജി വി ബുക്സ്

Janadhipathyavum Madhyamangalum
Media studies
Malayalam

Editor
**Dr. Jaimymol K. V.**

Publisher : G. V. Rakesh
**GV Books**
Ponniam Junction, Kadirur, Thalassery - 670 642
Phone : +91 9447707920
Email : gvbooks@gmail.com
Online book store : **www.gvbooksonline.com**

First Edition : March 2023
Cover Design : Shibin K. K. www.shibikarun.com
Pre Press : GVR Gurukkal
Printed at : Printing Park, Thalassery - 670 101

ISBN: 978-93-90747-86-3

Sl. No.: 129/250/1ed/rd:2023-03-31

₹225

© All rights reserved. No part of this publication may be reproduced into a retrival system, or transmitted, in any means, electronic, mechanical, photo copying, recording or otherwise without the prior permission of the publisher.

## അകം


നവോത്ഥാനവും ജനാധിപത്യവും ...... 7

അധികാരവും മാധ്യമങ്ങളും :
മലയാളത്തിലെ ദിനപത്രങ്ങളെയും
വാർത്താചാനലുകളെയും
മുൻനിർത്തിയുള്ള നിരീക്ഷണങ്ങൾ ...... 19

ലിംഗപദവിയും മീഡിയയും ...... 28

ഇന്ത്യൻ ജനാധിപത്യവും മാധ്യമ ജീവിതവും ...... 49

പൗരത്വവും സാമൂഹിക ജനാധിപത്യവും ...... 53

സൈബർ നിയമങ്ങളും സ്ത്രീ സുരക്ഷയും ...... 59

ബഹുജനമാധ്യമമെന്ന നിലയിൽ
സിനിമയുടെ ജനാധിപത്യ ഇടപെടലുകൾ ...... 67

ആധുനിക ഇന്ത്യൻ ഭരണകൂടവും
ആദിവാസികളും ...... 80

ജനാധിപത്യം ദേശീയത മാതൃഭൂമി ...... 86

നിറംമാറുന്ന മുഖപ്രസംഗങ്ങൾ ...... 92

ജനാധിപത്യം മാധ്യമം സുതാര്യത ...... 97

നാലാംസ്തംഭം എന്ന ഉത്തരവാദിത്വം ...... 102

സൈബർ പൊതുമണ്ഡലവും
കമന്റുകളുടെ രാഷ്ട്രീയവും ...... 109

# നവോത്ഥാനവും ജനാധിപത്യവും

ഡോ.കെ.എം.ഭരതൻ

വ്യത്യസ്ത കാലങ്ങളിൽ ലോകത്ത് ആവിഷ്കൃതമായ ആശയധാരകളും സാമൂഹികരാഷ്ട്രീയ പ്രയോഗങ്ങളുമാണ് നവോത്ഥാനവും ജനാധിപത്യവും . ഓരോ ദേശങ്ങളിൽ ഓരോ തരത്തിലാണവ പുലർന്നത്. ആശയതലത്തിലായാലും പ്രയോഗതലത്തിലായാലും ഇപ്പോഴും പൂർത്തീകരിക്കപ്പെട്ടിട്ടില്ലാത്ത പ്രക്രിയകൾ കൂടിയാണവ. ആധുനിക പൂർവ്വ സമൂഹം ആധുനിക പൗരസമൂഹമായി വികസിക്കുന്നതിലെ മൂന്ന പ്രധാനസന്ദർഭങ്ങൾ കൂടിയാണ് ജ്ഞാനോദയവും നവോത്ഥാനവും ജനാധിപത്യവും. ഇവ തമ്മിലുള്ള ചരിത്രപരമായ തുടർച്ച പോലെത്തന്നെ പ്രധാനമാണ് ഇവ തമ്മിലുള്ള പാരസ്പര്യവും. കേരളീയ നവോത്ഥാനത്തിന്റെ പ്രാരംഭ സന്ദർഭങ്ങളിൽ ഈ സങ്കലനത്രിത്വത്തിനുണ്ടായിരുന്ന പാരസ്പര്യത്തെക്കുറിച്ചുള്ള പ്രാഥമികമായ ആലോചന മാത്രമാണ് ഈ കുറിപ്പ്. വ്യത്യസ്ത തലങ്ങളിൽ നിരവധിയായ സാധ്യതകളിലേക്ക് വികസിക്കുന്നതാണ് ഈ ത്രിത്വപാരസ്പര്യം. അതിനാൽ പഠന സൗകര്യത്തിനായി നവോത്ഥാനത്തിന്റെ പ്രാരംഭദശയിലേക്ക് ചുരുക്കുകയാണിവിടെ ചെയ്തിട്ടുള്ളത്.

ചരിത്രകാരർ നവോത്ഥാനത്തെ പലതരത്തിൽ വിശദീകരിക്കാൻ ശ്രമിച്ചിട്ടുണ്ട്. റിനൈസൻസ് അഥവാ നവോത്ഥാനം എന്ന വാക്കിന് ഉയിർത്തെഴുന്നേല്പ് എന്നാണർത്ഥം . ലോകനവോത്ഥാനമെന്നാൽ ഒരു ഘട്ടം വരെ ഗ്രീക്ക്റോമൻ സംസ്കാരങ്ങളുടെ ഉയിർത്തെഴുന്നേല്പായിരുന്നു. ഇറ്റലിയിലാണതാരംഭിച്ചത്. മധ്യകാല ജീവിതരീതികളും ചിന്താരീതികളും മാറി ആധുനികത കടന്നുവരുന്നത് ഈ സന്ദർഭത്തിലാണ്. ഇത്തരമൊരു സന്ദർഭത്തെയാണ് ആദ്യം ഇറ്റലിയിലും പിന്നീട് ബ്രിട്ടൻ തുടങ്ങിയ രാജ്യങ്ങളിലും നവോത്ഥാനം എന്നു വിശേഷിപ്പിച്ചത്.

ദൈവം, മതം, ജാതി, രാജാവ് ഇടങ്ങിയവയായിരുന്നു നവോത്ഥാനപൂർവ്വ സമൂഹത്തിന്റെ കേന്ദ്രം. അവയിലൂന്നി സമൂഹത്തെ വിലയിരുത്തിപ്പോന്നിരുന്ന കേന്ദ്രസ്ഥാനം. ആ സ്ഥാനത്ത് യുക്തിയെയും മനുഷ്യനെയും പ്രതിഷ്ഠിച്ചതിന്റെ ഫലമായാണ് പുതിയ ജീവിതശൈലികളും പുതിയ ചിന്താരീതികളും ഉയർന്നുവന്നത്. കേന്ദ്രസ്ഥാനം മാറുന്നതോടെ അതിലേക്കുള്ള വിലയിരുത്തൽ ഘടകസാമഗ്രികളും അവയുടെ പരസ്പരബന്ധങ്ങളും കൂടി നവീകരിക്കപ്പെട്ടു. മനുഷ്യജീവിതത്തിന്റെ സമസ്തതലങ്ങളെയും പുതുക്കി പണിയുന്ന വിധത്തിൽ സംജാതമായ ഒരു മാറ്റമാണിത്. ഒന്നല്ല ഒരുപാട് ആശയങ്ങളും പ്രക്രിയകളും അതിലടങ്ങിയിരിക്കുന്നു. അതുകൊണ്ടാണ് നവോത്ഥാനമെന്നാൽ ഒരു കുടക്കീഴിലെ ഒരു കൂട്ടം ആശയമാണെന്ന വിശദീകരണമുണ്ടാകുന്നത്. ഇതിൽ മാനവികത, മതനിരപേക്ഷത, ജാതിവിരുദ്ധത, യുക്തിബോധം, ജനാധിപത്യം, വിദ്യാഭ്യാസം, സമത്വം, സാഹോദര്യം ഇടങ്ങിയവയെല്ലാം ഉൾപ്പെടുന്നു.

14 മുതൽ 17 വരെയുള്ള മൂന്നു നൂറ്റാണ്ടുകളിലായാണ് യൂറോപ്പിൽ നവോത്ഥാനം സാക്ഷാത്കരിക്കപ്പെടുന്നത്. പതിനഞ്ചാം നൂറ്റാണ്ടിൽ ഇറ്റലിയിൽ അത് പാരമ്യതയിൽ എത്തിനില്ക്കുമ്പോഴാണ് ബ്രിട്ടനിൽ ആരംഭിക്കുന്നത്. 19-20 നൂറ്റാണ്ടുകളിലാണ് ഇന്ത്യയിലെയും കേരളത്തിലെയും നവോത്ഥാനപ്രവർത്തനങ്ങൾ അരങ്ങേറുന്നത്. ഇന്ത്യയിൽ എല്ലായിടത്തും അതിന് ആശയതലത്തിലും പ്രയോഗതലത്തിലും ഒരേ രൂപമല്ലായിരുന്നു. യൂറോപ്പിൽ അവരുടെ തന്നെ സംസ്കാരത്തെയും ഭാഷയെയും നവീകരിച്ചും വീണ്ടെടുത്തുമാണ് നവോത്ഥാനം മുന്നേറിയത്. എന്നാൽ ഇന്ത്യയിൽ തങ്ങൾക്കന്യമായ യൂറോപ്യൻ ജ്ഞാനം, ഭാഷ, വിജ്ഞാനം, സംസ്കാരം എന്നിവയെ സ്വീകരിച്ചും അതിന്റെ യുക്തിയിൽ സ്വന്തം പാരമ്പര്യത്തെ നവീകരിച്ചുമാണ് നവോത്ഥാനം മുന്നേറിയത്. ഇന്ത്യൻ നവോത്ഥാനം അവർക്കന്യമായ ഒരു പാരമ്പര്യത്തെക്കൂടി സ്വീകരിച്ചാണ് തങ്ങളെ പുതുക്കിപ്പണിതതെങ്കിൽ യൂറോപ്യൻ നവോത്ഥാനം തങ്ങളുടെ പാരമ്പര്യത്തെത്തന്നെ പുതുക്കിയും വീണ്ടെടുത്തുമാണ് മുന്നോട്ടുപോയത്. ഈ കാരണങ്ങളാൽ ഇന്ത്യൻ- കേരള നവോത്ഥാനങ്ങളെപ്പറ്റി വ്യത്യസ്തമായ അഭിപ്രായങ്ങൾ പുലർത്തുന്നവരും ഏറെയുണ്ട്.

യൂറോപ്യൻ വിജ്ഞാനത്തിലേക്കും ജീവിതശൈലിയിലേക്കും പ്രവേശനം സിദ്ധിച്ച ഇന്ത്യൻ അഭിജാതസമൂഹം അതിനനുസരിച്ച് സ്വയം നവീകരിച്ചതിൽ നവോത്ഥാനത്തിന്റെ ഉള്ളടക്കമുണ്ടെങ്കിലും അധികാരപരമായ വിച്ഛേദങ്ങളെക്കാൾ തുടർച്ചകളാണതിനുള്ളത്. കീഴാള

നവോത്ഥാനത്തെ പുതിയ ഉയിർപ്പെന്നനിലയിൽ സാർത്ഥകമാക്കിയത് ജ്യോതിബാഫൂലെയുടെ സത്യശോധക് സമാജം വെളുത്ത വിദ്യാദേവതയ്ക്കു പകരം കറുത്ത വിദ്യാദേവതയെ സ്വീകരിച്ചതും തങ്ങളുടെ വിദ്യാദേവത സരസ്വതിയല്ല സാവിത്രിയാണെന്ന പ്രഖ്യാപിച്ചതും ഇതിലേയ്ക്കാണ് ചൂണ്ടുന്നത്. (കെ.ഇ.എൻ. 2012-14)

കീഴാളമായ ഉള്ളടക്കങ്ങളുടെ സമൃദ്ധിയും വീറും സൂക്ഷ്മതയുമാണ് കേരളീയ നവോത്ഥാനത്തെ സവിശേഷമാക്കുന്നത്. സംഘകാലത്തെ അവർണ്ണത കീഴാള വിഭാഗങ്ങൾക്ക് വിജ്ഞാനം, കല ഇടങ്ങിയ മേഖലകളിൽ ഗണ്യമായ സ്ഥാനം ഉണ്ടായിരുന്നതായി സംഘകാല കൃതികളിൽ തെളിയുന്നുണ്ട്. ഔവയാർ ഇടങ്ങിയ കവയിത്രികളും മറ്റും ഇതിന്റെ തെളിവുകളാണ്. വിജ്ഞാനത്തെയും കലയെയും സവിശേഷവല്ലരിച്ചും നിഗൂഢവല്ലരിച്ചും ഇവരെ അതിൽ നിന്ന് പുറത്താക്കിയാണ് സവർണ്ണാധികാരം അവർണ്ണരെ അടിമകളാക്കി മാറ്റിയത്. നിത്യജീവിതത്തിലെ പ്രയോഗപദ്ധതികളിൽ നിന്ന് അറിവിനെ അഴിച്ചുമാറ്റി തങ്ങളുടെ ജ്ഞാനവ്യവസ്ഥയുടെ നടപ്പുശീലങ്ങളിലേക്ക് ഇണക്കിച്ചേർത്തു കൊണ്ടാണ് ഈ വിശേഷവല്ലരണവും അന്യവല്ക്കരണവും അവർ സാധ്യമാക്കിയത്. സംസ്കൃതത്തിന്റെ വരമൊഴിയിലേക്കതിനെ പറിച്ചുനട്ടും അത്തരം എഴുത്തു പദ്ധതികളിൽ നിന്ന് അവർണ്ണരെപുറത്താക്കിയുമാണ് അറിവിന്റെ നിഗൂഢവല്ലരണം നടപ്പിലാക്കിയത്. ഈ ചരിത്രത്തിനെ അഭിമുഖീകരിച്ചതും മുന്നിൽ നിന്ന് വെളിച്ചം കാട്ടി നയിച്ചതും ജ്ഞാനോദയമാണ്. ദ്രാവിഡീയവും സംസ്കൃതീയവുമായ അറിവു വഴികളെ സ്വായത്തമാക്കിയ പണ്ഡിതരായിരുന്ന ജ്ഞാനോദയത്തിനും നവോത്ഥാനത്തിനും വഴികാട്ടിയത്. വൈകുണ്ഠസ്വാമികൾ, ഊരാച്ചേരിഗുരുക്കന്മാർ, ആറാട്ടുപുഴ വേലായുധപ്പണിക്കർ, നാരായണഗുരു, ഡോ.പല്പു തുടങ്ങിയവരെല്ലാം ഇതിനുദാഹരണങ്ങളാണ്. ഒന്റേ ജാതി, ഒന്റേ മതം, ഒന്റേ ദൈവം, ഒന്റേ ഉലകം, ഒന്റേ അരശ്, ഒന്റേനീതി എന്ന മുദ്രാവാക്യം മുന്നോട്ടുവെച്ച വൈകുണ്ഠസ്വാമി ((1809-1857) ) കീഴാളനായിരുന്നു. സംസ്കൃതത്തിലും ദ്രാവിഡത്തിലുംഅദ്ദേഹത്തിനുണ്ടായിരുന്ന അഗാധജ്ഞാനത്തിന്റെ നിദർശനങ്ങളാണ് അഖിലത്തിരട്ടും (പ്രപഞ്ച സംഗ്രഹം) അരുൾനൂലും (മഹദ് വചനങ്ങൾ) നിഷേധിക്കപ്പെട്ട ജ്ഞാനത്തെ പിടിച്ചെടുക്കാൻ കഴിഞ്ഞതിലുള്ള ബലമാണ് സമത്വസമാജത്തിലേക്കും സഹഭോജനത്തിലേക്കും കണ്ണാടി പ്രതിഷ്ഠയിലേക്കും ആത്മവഴി നവോത്ഥാനത്തിലേക്കും നയിക്കാൻ അദ്ദേഹത്തെ പ്രാപ്തനാക്കിയത്. ഗുണ്ടർട്ടിനെ മലയാളവും സംസ്കൃതവും പഠിപ്പിച്ച

[illegible] നിന്ന് സമ്പാദനം [illegible] അവരുടെ കൃതികൾ ഇതിനുള്ള തെളിവുകൾ [illegible]

ജ്ഞാനോല്പാദനമാണ് അവർക്കുള്ള ശ്രേഷ്ഠതയിലേക്ക് [illegible] നെ കൈവന്ന ശ്രേഷ്ഠതയിൽ നിന്നാണ് ജ്ഞാനാധിപത്യത്തിലേക്ക് [illegible] രബോധസഞ്ചാരങ്ങൾ ആരംഭിക്കുന്നത്. അതിനാൽ രണ്ട് കാര്യങ്ങൾ ഇവിടെ പ്രത്യേകമായി പരിശോധിക്കപ്പെടേണ്ടതുണ്ട്.

ഒന്ന്, അവർണർ ജ്ഞാനമണ്ഡലത്തിൽ നിന്ന് പുറന്തള്ളപ്പെട്ടത് എങ്ങനെയാണ്?

രണ്ട്, അവർ അതിനെ മറികടന്നത് എങ്ങനെയാണ്?

പൗരോഹിത്യകാര്യങ്ങൾക്കപ്പുറം ബ്രാഹ്മണർക്ക് വലിയ അറിവുകൾ ഉണ്ടായിരുന്നതായോ അത്തരം മണ്ഡലങ്ങളിൽ അവർ വ്യവഹരിക്കുന്നതായോ ഒരു ഘട്ടം വരെ നമുക്ക് കാണാൻ കഴിയില്ല. ഒരു ഘട്ടം വരെ കേരളത്തിലെ കൃഷിഭൂമിയിൽ കാർഷിക ജോലികൾ ചെയ്തുവന്നിരുന്നത് പുലയസമുദായത്തിൽപെട്ടവരായിരുന്നു. ഭൂമിയോടൊപ്പം ഈ തൊഴിലാളികളെ കൂടി കൈമാറി വന്നിരുന്നതായി ശുകപുരം ക്ഷേത്രരേഖകളിലും തിരുവല്ല ചെപ്പേടിലും മറ്റും കാണാൻ കഴിയും (എം. ആർ.രാഘവവാരിയർ, 2011: 118). ഇതിനർത്ഥം കേരളത്തിലെ കൃഷിഭൂമിയിൽ ദൈനംദിന കാർഷികവൃത്തിയിൽ ഏർപ്പെട്ടുകൊണ്ട് കൃഷി സംബന്ധമായ വിജ്ഞാനം നേടുകയും പ്രയോഗിക്കുകയും ചെയ്തു വന്നിരുന്നത് ഇത്തരം സമുദായങ്ങളിൽപ്പെട്ട ആളുകൾ ആയിരുന്നു എന്നാണ്. പരമ്പരാഗതമായി വീടുനിർമ്മാണത്തിൽ ഏർപ്പെട്ടിരുന്നത് ആശാരിമാരും കല്ലാശാരിമാരും ഉൾപ്പെടുന്ന സമുദായങ്ങൾ ആയിരുന്നു. ഗൃഹനിർമ്മാണത്തിനും ക്ഷേത്രനിർമ്മാണത്തിനും ആവശ്യമായ കൈക്കണക്കുകളും പ്രായോഗിക വിജ്ഞാനങ്ങളും സാങ്കേതികജ്ഞാനവും ഈ തൊഴിൽ കൂട്ടായ്മകൾക്ക് ഉണ്ടായിരുന്നു. എന്നാൽ ഇവരുടെ വിജ്ഞാനങ്ങൾ വരമൊഴിയിലേക്ക് മാറ്റുകയോ പ്രായോഗികജ്ഞാനം എന്നതിനപ്പുറത്തേക്ക് അറിവിന്റെ സാമാന്യ വൽക്കരണവും അമൂർത്തവൽക്കരണവും സിദ്ധാന്തവൽക്കരണവും നടത്തി അതിനെ ഒരു വിദ്യാഭ്യാസ പ്രക്രിയയിലേക്ക് കണ്ണി ചേർക്കുകയോ അവർ ചെയ്തിരുന്നില്ല. അവർണ സമൂഹങ്ങളുടെ ഇത്തരം അറിവുകളെ വരമൊഴിയിലേക്കും സാമാന്യവൽക്കരണത്തിലേക്കും അമൂർത്തവൽക്കരണത്തിലേക്കും സിദ്ധാന്തവൽക്കരണത്തിലേക്കും എല്ലാം നയിക്കുകയും ലിഖിതരൂപങ്ങൾ നിർമ്മിക്കുകയും വിനിമയത്തിനു വേണ്ടിയുള്ള പ്ര

ജ്ഞാനവിധാനങ്ങൾ ഒരുക്കുകയും ഇത്തരം സംവിധാനങ്ങളുടെ അധികാരസ്ഥാനങ്ങളിൽ എത്തുകയും ചെയ്യുക പിന്നീട് കേരളത്തിലെ ബ്രാഹ്മണരാണ് എന്ന് കാണാം.

ദൈനംദിനജീവിതത്തിൽ കേരളത്തിലെ തൊഴിൽ കൂട്ടായ്മകൾ രൂപപ്പെടുത്തുകയും പ്രയോഗിക്കുകയും ചെയ്യുന്ന ജ്ഞാനരൂപങ്ങളെ സംസ്കൃതഭാഷയുടെ ഘടനയിലേക്കും വ്യാഖ്യാനങ്ങളിലേക്കും പരിവർത്തിപ്പിക്കുകയും അവയിൽ നിന്ന് അന്യവൽക്കരിച്ച് അതിന്റെ ഉടമകൾ ആവുകയും ആയിരുന്നു അന്നത്തെ ബ്രാഹ്മണർ ചെയ്തത്. ഇങ്ങനെ അറിവു രൂപങ്ങളുടെ അധികാരികൾ ആയി മാറിയ ബ്രാഹ്മണർ കേരളത്തിലെ രാഷ്ട്രീയ സാമൂഹ്യ മണ്ഡലങ്ങളിലെല്ലാം അധികാരസ്ഥാനത്ത് ഉണ്ടായിരുന്നവർ കൂടിയാണ്. അതുകൊണ്ടുതന്നെ നിരവധി സാമൂഹികമായ ആചാരങ്ങൾ കൂടി രൂപീകരിച്ചുകൊണ്ട് അവർ വിജ്ഞാനത്തിന്റെ മേഖലയിലും തങ്ങളുടെ മേധാവിത്വം ഉറപ്പിച്ചു പ്രാദേശിക തൊഴിൽ കൂട്ടായ്മകളിൽ നിന്ന് വ്യവസ്ഥീകരിച്ചും സാങ്കേതികവൽക്കരിച്ചുമെടുത്ത് അറിവിന്റെ ഉടമകളായി ബ്രാഹ്മണർ മാറി. ഇത്തരം അറിവുകൾ പ്രാദേശിക തൊഴിൽ കൂട്ടായ്മകൾ പ്രയോഗിക്കുന്ന സന്ദർഭങ്ങളിൽ കാർഷികവും മറ്റു തൊഴിൽപരവും സാമൂഹ്യവുമായ നിരവധി ആചാരങ്ങൾ ഏർപ്പെടുത്തി അത്തരം ആചാരങ്ങളുടെ കേന്ദ്രസ്ഥാനത്ത് സ്വയം പ്രതിഷ്ഠിച്ച് പ്രയോഗ സന്ദർഭങ്ങളിലുള്ള തങ്ങളുടെ അധികാരത്തെ കൂടി ബ്രാഹ്മണ്യം ഉറപ്പിച്ചെടുത്തു. ഈ ജാതികേന്ദ്രിത സമൂഹത്തിലെ ഓരോ ജാതിയും വെവ്വേറെ സമൂഹങ്ങൾ ആയിട്ടാണ് ജീവിച്ചിരുന്നത്. അവയ്ക്കു പൊതുവായ ഒരു ഏകീരൂപം ഉണ്ടായിരുന്നില്ല. വ്യക്തിയെക്കാൾ ജാതിയായിരുന്നു ഈ സമൂഹത്തിൽ പ്രധാനമായിരുന്നത്. ഓരോ ജാതിക്കും അനുവദിക്കപ്പെട്ട സ്വാതന്ത്ര്യത്തിനകത്ത് ഒതുങ്ങി ജീവിക്കുന്ന ജാതിശരീരങ്ങൾ ആയിരുന്നു അവ ഓരോന്നും. എല്ലാ അവകാശ അധികാരങ്ങളും സൗകര്യങ്ങളും ബ്രാഹ്മണരും മറ്റു സവർണ്ണ സമൂഹങ്ങളും അനുഭവിച്ചുപോന്നു. കീഴാളസമൂഹമാകട്ടെ അങ്ങേയറ്റത്തെ ചൂഷണത്തിനും നീതിനിഷേധത്തിനും വിധേയരായിരുന്നു. ബ്രാഹ്മണാധികാരവും സവർണാധികാരവും നിർമ്മിച്ച പുരാവൃത്തങ്ങളാലും ആചാരാനുഷ്ഠാനങ്ങളാലും ബന്ധിതമായിരുന്ന കീഴാളർ ഉൾപ്പെടെയുള്ള സമൂഹം. ജാതിവ്യവസ്ഥയും അതിനകത്തുള്ള താന്താങ്ങളുടെ നിലയും ദൈവ നിശ്ചിതമാണെന്ന് കീഴ്ജാതിക്കാർ വിശ്വസിച്ചുപോന്നു. ഇതുവഴി ബ്രാഹ്മണരുടെയും ഇതര സവർണ്ണ വിഭാഗങ്ങളുടെയും ആശയങ്ങളും ലോകബോധവും കീഴ്ജാതിക്കാർ കൂടി തങ്ങളുടെ

വ്യമാക്കി മാറ്റി തീർക്കേണ്ടുന്ന അഭിപ്രായസ്വാതന്ത്ര്യം, അവസരസമത്വം, തുല്യത തുടങ്ങിയ മൂല്യങ്ങളും വ്യാപകമായ വെല്ലുവിളി നേരിടുന്നുണ്ട്. നവോത്ഥാനത്തിന്റെ വർത്തമാനത്തെയോ വെല്ലുവിളികളെയോ കുറിച്ചുള്ള പരിശോധന എത്തിച്ചേരുന്നത് നവോത്ഥാനത്തിന് മുൻപിൽ നടന്നവർ ഉൾപ്പെടെ വ്യാപകമായ തിരുത്തലുകൾക്ക് വിധേയരാകേണ്ടതുണ്ട് എന്നതിലേക്കാണ്.

സഹായക ഗ്രന്ഥങ്ങൾ:

1.ആനന്ദ്2016, ഓർക്കുക കാവലിരിക്കയാണ് ഹരിതം ബുക്സ്, കോഴിക്കോട്

3.കെ.ഇ.എൻ.2012, കേരളീയ നവോത്ഥാനത്തിന്റെ ചരിത്രവും വർത്തമാനവും,
ലീഡ് ബുക്സ്,കോഴിക്കോട്.

3.ഗോവിന്ദപിള്ള. പി, 2003, കേരള നവോത്ഥാനം ഒരു മാർക്സിസ്റ്റ് വീക്ഷണം
ഒന്നാം സഞ്ചിക, ചിന്ത പബ്ലിക്കേഷൻസ്, തിരുവനന്തപുരം.

4.ഡേവിസ്. ഇ.ടി, 2015, കേരള നവോത്ഥാനവും യുക്തിചിന്തയും, കേരള ശാസ്ത്ര
സാഹിത്യ പരിഷത്ത്, തൃശ്ശൂർ.

5.രാഘവവാര്യർ, എം. ആർ, 2011, കേരള ചരിത്രം, വള്ളത്തോൾ വിദ്യാപീഠം,
ശുകപുരം.

6.രാമനുണ്ണി, കെ. പി, 2022, നവോത്ഥാനത്തിന്റെ വിഭിന്നധാരകൾ,
തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല,തിരൂർ.